REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 07-09-2025** | **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- GST ആനുകൂല്യങ്ങൾ പൗരന്മാരിലേക്ക് കൈമാറുന്നുണ്ടെന്ന് വ്യക്തിപരമായി തന്നെ നിരീക്ഷിക്കുമെന്ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ.
- ഇന്ന് ശ്രീനാരായണ ഗുരുവിന്റെ 171–ആം ജയന്തി. ശിവഗിരിയിൽ ജയന്തി സമ്മേളനം രാവിലെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും, ചെമ്പഴന്തിയിൽ ജയന്തി മഹാസമ്മേളനം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയനും ഉദ്ഘാടനം ചെയ്യും.
- തൃശൂരിലെ ഓണാഘോഷങ്ങൾക്ക് സമാപനം കുറിച്ച് നാളെ പുലികളി മഹോത്സവം.
- US ഓപ്പൺ ടെന്നിസിൽ ലോക ഒന്നാം നമ്പർ താരം ആര്യാന സെബലേങ്ക കിരീടം നിലനിർത്തി.
- ഏഷ്യാ കപ്പ് പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ വൈകിട്ട് ദക്ഷിണ കൊറിയയെ നേരിടും.

## വാർത്തകൾ വിശദമായി

GST ആനുകൂല്യങ്ങൾ പൗരന്മാരിലേക്ക് കൈമാറുന്നുണ്ടെന്ന് വ്യക്തിപരമായി തന്നെ നിരീക്ഷിക്കുമെന്ന് ധനമന്ത്രി നിർമ്മലാ സീതാരാമൻ അറിയിച്ചു. GST പരിഷ്ക്കരണത്തെ രാജ്യമാകെ തന്നെ സ്വാഗതാർഹമായ നീക്കമായാണ് കാണുന്നത്. ഇതിന്റെ ആനുകൂല്യങ്ങൾ ജനങ്ങൾക്ക് ലഭ്യമാകുന്നില്ലെങ്കിൽ അക്കാര്യം അറിയിക്കണമെന്നും അവർ ചാനൽ അഭിമുഖത്തിൽ ആവശ്യപ്പെട്ടു. നിരവധി വ്യവസായങ്ങൾ, നികുതി ആനുകൂല്യങ്ങൾ ജനങ്ങളിലേക്ക്

കൈമാറുമെന്ന് ഇതിനകം വ്യക്തമാക്കിക്കഴിഞ്ഞതായി നിർമ്മലാ സീതാരാമൻ പറഞ്ഞു.

✪✪✪

GST പരിഷ്ക്കരണം രാജ്യത്തെ പത്തുകോടിയിലധികം ക്ഷീരകർഷകരെയും. സഹകരണസ്ഥാപനങ്ങളെയും, ,ഗ്രാമീണ സംരംഭകരെയും ശക്തിപ്പെടുത്തുമെന്ന് കേന്ദ്ര സഹകരണ മന്ത്രാലയം വിലയിരുത്തി. പരിഷ്കരണം ഉൽപ്പന്നങ്ങളെ മത്സരാധിഷ്ഠിതമാക്കുമെന്നും, ആവശ്യങ്ങൾ വർധിപ്പിക്കുമെന്നും ഗ്രാമീണസംരഭങ്ങളെ പ്രോത്സാഹിപ്പിക്കുമെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

പുതുതായി കൊണ്ടുവന്ന GST നിരക്കുകളും സ്ലാബുകളും കാർഷികമേഖലയിൽ എടുത്തു പറയാവുന്ന നേട്ടങ്ങൾ ഉണ്ടാക്കുമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പറഞ്ഞു. ചെറുകിട- ഇടത്തര കർഷകർക്ക് ഇതേറെ പ്രയോജനപ്പെടുമെന്നും അദ്ദേഹം ഭോപ്പാലിൽ അഭിപ്രായപ്പെട്ടു. കാർഷിക ഉപകരണങ്ങൾക്കും, ജൈവ കീടനാശിനികൾക്കും, സൂക്ഷ്മ വളങ്ങൾക്കും വരുത്തിയ നിരക്കിളവ് കർഷകർക്ക് ലാഭകരമാകുന്നതിനൊപ്പം, രാസവള ഉപയോഗത്തിൽ നിന്ന് ജൈവ വള ഉപയോഗത്തിലേക്ക് തിരിയാൻ പ്രേരണയാകുമെന്നും ചൗഹാൻ വിലയിരുത്തി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോണുമായി ടെലിഫോൺ സംഭാഷണം നടത്തി. റഷ്യ -ഉക്രൈൻ സംഘർഷം അവസാനിപ്പിച്ച് സമാധാനവും സ്ഥിരതയും കൈവരിക്കുന്നതിന് ഇന്ത്യയുടെ പിന്തുണയും പ്രതിബദ്ധതയും നരേന്ദ്രമോദി മക്രോണിനെ അറിയിച്ചു. ആഗോള സമാധാനം കൈവരിക്കുന്നതിന് ഇന്ത്യയും ഫ്രാൻസും യോജിച്ച് പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി പിന്നീട് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇന്ന് ശ്രീനാരായണ ഗുരുവിന്റെ 171–ാം ജയന്തി. ചെമ്പഴന്തി ഗുരുകുലത്തിലും ശിവഗിരിയിലും അരുവിപ്പുറം, ആലുവ അദ്വൈതാശ്രമത്തിലും ഉൾപ്പെടെ വിപുലമായ ജയന്തി ആഘോഷങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ശിവഗിരിയിൽ രാവിലെ ഗവർണർ

രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ജയന്തി സമ്മേളനം ഉദ്ഘാടനം ചെയ്യും. ചെമ്പഴന്തി ഗുരുകുലത്തിൽ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ജയന്തി മഹാസമ്മേളനവും ഉദ്ഘാടനം ചെയ്യും.

ഡെസ്ക്ക് റിപ്പോർട്ട്

....................(വോയ്സ്)....................

ചെമ്പഴന്തിയിൽ രാവിലെ ശ്രീനാരായണ ദാർശനിക സമ്മേളനം പ്രതിപക്ഷ നേതാവ് VD സതീശൻ ഉദ്ഘാടനം ചെയ്യും. വൈകിട്ട് ഘോഷയാത്ര മന്ത്രി V ശിവൻകുട്ടി ഫ്ലാഗ് ഓഫ് ചെയ്യും.

വർക്കല ശിവഗിരിയിൽ വിശ്വസാഹോദര്യ സമ്മേളനം മന്ത്രി P പ്രസാദാണ് ഉദ്ഘാടനം ചെയ്യുന്നത്. ശിവഗിരിയിൽ വിശേഷാൽ പൂജകൾ, നാമജപ യജ്ഞം പ്രഭാഷണ പരമ്പര എന്നിവയും, ചെമ്പഴന്തിയിൽ ഗുരു പൂജ , അന്നദാനം , സംഗീത പരിപാടി എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

കോഴിക്കോട് ശ്രീകണ്ഠേശ്വര ക്ഷേത്രയോഗത്തിന്റെ ആഭിമുഖ്യത്തിൽ രാവിലെ ചതയ ദിന സമ്മേളനം ആരംഭിക്കും. SNDP യുടെയും മറ്റു സംഘടനകളുടെയും നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ചതയ ദിനാഘോഷങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ ഒരാളെ കൂടി കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മലപ്പുറം തിരുവാലി സ്വദേശിനിയാണ് ചികിത്സയിൽ കഴിയുന്നത്. ഇതോടെ അമീബിക് രോഗം ബാധിച്ച് മൂന്ന് കുട്ടികളടക്കം 11 പേരാണ് ചികിത്സയിൽ കഴിയുന്നത്. ഇവരിൽ ഒരാളുടെ നില ഗുരുതരമാണ്. രണ്ട് കുട്ടികൾ ഉൾപ്പടെ നാല് പേർ ഇതിനകം മരിച്ചു .

✪✪✪

കോഴിക്കോടിന്റെ ഒരാഴ്ച നീണ്ട ഓണാഘോഷം മാവേലിക്കസ്- 2025 വൈകിട്ട് സമാപിക്കും. ലുലുമാളിലെ സമാപന ചടങ്ങ് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ് നാലാം സീസൺ മാധ്യമ പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്യും. കോഴിക്കോട് ആകാശവാണിയ്ക്കാണ് ശ്രാവ്യ വിഭാഗത്തിൽ പുരസ്കാരം.

കണ്ണൂർ DTPC യുടെ ഓണാഘോഷം ടൗൺ സ്ക്വയറിൽ ചൊവ്വാഴ്ച വരെ തുടരും.

✪✪✪

കുന്നംകുളം പൊലീസ് കസ്റ്റഡി മർദ്ദനക്കേസിൽ ഉൾപ്പെട്ട നാല് പൊലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു. വിയ്യൂരിലെ SI നൂഹ്മാൻ, മണ്ണുത്തി പോലീസ് സ്റ്റേഷനിലെ CPO സന്ദീപ് , തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ CPO മാരായ ശശിധരൻ, സജീവൻ എന്നിവരെയാണ് ഉത്തരമേഖല IG രാജ്പാൽ മീണ സസ്പെൻഡ് ചെയ്തത്. തൃശ്ശൂർ റെയ്ഞ്ച് DIG സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

നാല് പൊലീസുകാരെ സസ്പെൻഡ് ചെയ്തതു കൊണ്ട് മാത്രം പ്രശ്നങ്ങൾ അവസാനിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ തിരുവനന്തപുരത്ത് വാർത്താകുറിപ്പിൽ അറിയിച്ചു. മർദ്ദനത്തിന് നേതൃത്വം നൽകിയ ഉദ്യോഗസ്ഥരെ സർവീസിൽ നിന്ന് പുറത്താക്കുന്നതുവരെ UDF സമരം തുടരുമെന്ന് സതീശൻ പറഞ്ഞു.

✪✪✪

US ഓപ്പൺ ടെന്നിസിൽ ലോക ഒന്നാം നമ്പർ താരം ആര്യാന സെബലെങ്ക കിരീടം നിലനിർത്തി. ഫൈനലിൽ അമാൻഡ അനിസിമോവയെ തോൽപ്പിച്ചാണ് സെബലെങ്കയുടെ കിരീട നേട്ടം.

പുരുഷ സിംഗിൾസ് ഫൈനലിൽ ഇറ്റലിയുടെ ലോക ഒന്നാം നമ്പർ താരം യാനിക് സിന്നറും ലോക രണ്ടാം താരം സ്പെയിനിന്റെ കാർലോസ് അൽകാരസും തമ്മിൽ ഏറ്റുമുട്ടും. ഇന്ത്യൻ സമയം രാത്രി പതിനൊന്നരയ്ക്കാണ് മത്സരം.

✪✪✪

ഏഷ്യാ കപ്പ് പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ വൈകിട്ട് ദക്ഷിണ കൊറിയയെ നേരിടും. ഇന്നലെ അവസാന സൂപ്പർ ഫോർ മത്സരത്തിൽ ചൈനയെ മറുപടിയില്ലാത്ത ഏഴു ഗോളിന് തോൽപ്പിച്ചാണ് ഇന്ത്യ ഫൈനലിസ്റ്റുകളായത്. ബിഹാറിലെ രാജ്ഗിറിൽ വൈകിട്ട് ഏഴരയ്ക്കാണ് ഫൈനൽ.

വനിതാ ഹോക്കിയിൽ ഇന്നലെ ഇന്ത്യ ജപ്പാനുമായി 2-2 സമനില പാലിച്ചു. ചൈനയിലെ ഹാങ്ഷൗവിലായിരുന്നു മത്സരം.

നാളെ ഉച്ചയ്ക്ക് 12:00 ന് സിംഗപ്പൂരിനെതിരെയാണ് ഇന്ത്യയുടെ അടുത്ത മത്സരം.

✪✪✪

കേരള ക്രിക്കറ്റ് ലീഗ് ഫൈനൽ ഇന്ന്. തിരുവനന്തപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വൈകിട്ട് ആറരയ്ക്ക് കൊച്ചി ബ്ലൂ ടൈഗേഴ്സ്, കൊല്ലം സെയിലേഴ്സിനെ നേരിടും.

അടുത്ത വർഷം ആരംഭിക്കുന്ന വനിതാ ക്രിക്കറ്റ് ലീഗിന് മുന്നോടിയായി പ്രദർശന മത്സരത്തിൽ KCA ഏഞ്ചൽസ്, KCA ക്യൂൻസിനെ തോൽപ്പിച്ചു.

✪✪✪

ആലപ്പുഴയിലെ പായിപ്പാട് ജലോത്സവം ഇന്ന്. ഉച്ചയ്ക്ക് കേന്ദ്രസഹ മന്ത്രി സുരേഷ് ഗോപി ജലോത്സവം ഉദ്ഘാടനം ചെയ്യും.

ആലപ്പുഴയിൽ നിന്ന് R രവികുമാർ.

..........(വോയ്സ്).............

✪✪✪

തിരുവനന്തപുരം വെള്ളായണി കായലിൽ സംഘടിപ്പിച്ച അയ്യങ്കാളി ജലോത്സവത്തിൽ കാക്കാമൂല ബ്രദേഴ്സ് ചുണ്ടൻ ജേതാക്കളായി. എവർ റോളിംഗ് ട്രോഫിയും, 60,000 രൂപയുമാണ് ഒന്നാം സ്ഥാനക്കാർക്ക് നൽകിയത്.

നടുഭാഗം ചുണ്ടൻ രണ്ടാം സ്ഥാനവും, BBC പുന്നവിള മൂന്നാം സ്ഥാനവും നേടി. രണ്ടാംതരം വള്ളങ്ങളിൽ ബ്ലൂബേഡ്സ് ഒന്നാം സ്ഥാനവും, കാക്കാമൂല ബ്രദേഴ്സ് ചുണ്ടൻ രണ്ടാം സ്ഥാനവും നേടി.

മൂന്നാം തരത്തിൽ പടക്കുതിര ഒന്നാം സ്ഥാനവും, കാക്കാമൂല കിളിച്ചുണ്ടൻ രണ്ടാം സ്ഥാനവും നേടി.

വനിതാവിഭാഗത്തിൽ ഊക്കോട് ചുണ്ടൻ ഒന്നും, കാഞ്ഞിരംപാറ ചുണ്ടൻ രണ്ടും സ്ഥാനങ്ങൾ നേടി.

✪✪✪

**തൃശൂർ കണ്ടശ്ശാംകടവ് ജലോത്സവത്തിൽ എടത്വ ടൗൺ ബോട്ട് ക്ലബിന്റെ ജവഹർ തായങ്കരി, ചുണ്ടൻവള്ള വിഭാഗത്തിൽ ചീഫ് മിനിസ്റ്റേഴ്സ് എവർ റോളിംഗ് ട്രോഫിക്ക് അർഹരായി. സൗത്ത് പരവൂർ വെല്ലൂർ ബോട്ട് ക്ലബിന്റെ ആലപ്പാട് ചുണ്ടനാണ് രണ്ടാം സ്ഥാനം. ചുരുളൻ B ഗ്രേഡിൽ, കണ്ടശ്ശാംകടവ് കരിക്കൊടി KDBC യുടെ പമ്പാവാസനും, A ഗ്രേഡ് ചുരുളൻ വള്ളം വിഭാഗത്തിൽ നടുവിൽ സംഘം ബോട്ട് ക്ലബിന്റെ താണിയനും ജേതാക്കളായി.**

**✪✪✪**

**പൊന്നാനി ബിയ്യം കായൽ ജലോത്സവത്തിൽ പറക്കും കുതിര ജേതാക്കളായി. മൈനർ വിഭാഗത്തിൽ യുവരാജയ്ക്കാണ് ഒന്നാം സ്ഥാനം. നേരത്തെ ജലോത്സവം മന്ത്രി V. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു. 32 വള്ളങ്ങളാണ് മത്സരത്തിൽ പങ്കെടുത്തത്.**

**✪✪✪**

**തൃശൂരിലെ ഓണാഘോഷങ്ങൾക്ക് സമാപനം കുറിച്ച് നാളെ പുലികളി മഹോത്സവം. നാളെ ഉച്ചയ്ക്കു ശേഷം തൃശൂർ താലൂക്ക് പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, ഗവൺമെന്റ് ഓഫീസുകൾക്കും, സഹകരണ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധിയായിരിക്കും.**

**✪✪✪**

**കോഴിക്കോട് മാനിപുരത്ത് പുഴയിൽ കാണാതായ തൻഹ ഷെറിനെ ഇന്നലെ തിരച്ചിലിലും കണ്ടെത്താനായില്ല. പ്രദേശവാസികളും, ഫയർ ആന്റ് റെസ്ക്യൂ ഉദ്യോഗസ്ഥരും തിരച്ചിലിൽ പങ്കെടുത്തു.**

**കണ്ണൂർ മട്ടന്നൂരിനടുത്ത് എളന്നൂരിൽ പുഴയിൽ കുളിക്കാനിറങ്ങിയ പെൺകുട്ടിയെ കാണാതായി. കുറ്റ്യാടിയിലെ ഇർഫാന എന്ന പെൺകുട്ടിയാണ് ഒഴുക്കിൽപ്പെട്ടത്.**

**✪✪✪**

**മലേഷ്യയിൽ നിന്ന് തേക്കടി കാണാനെത്തിയ വിനോദസഞ്ചാരി കുമളിയിലെ സ്വകാര്യ റിസോർട്ടിൽ മരിച്ചു. മലേഷ്യൻ സ്വദേശി രാജു വേണുഗോപാൽ എന്നയാളാണ് നെഞ്ചുവേദനയെ തുടർന്ന് മരണപ്പെട്ടത്.**

**✪✪✪**

കക്ഷി രാഷ്ട്രീയവും, സ്ത്രീ പ്രവേശന വിഷയവും ഉൾപ്പെടെ ആരോപണങ്ങൾ ഉന്നയിക്കാതെ അയ്യപ്പ സംഗമത്തോടൊപ്പം അണിനിരക്കണമെന്ന് SNDP യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ആവശ്യപ്പെട്ടു. കേരളത്തിനും തിരുവിതാംകൂർ ദേവസ്വം ബോർഡിനും വലിയ വരുമാനം ലഭിക്കുന്ന പരിപാടിയാണ് അയ്യപ്പസംഗമമെന്നും, ചർച്ചയ്ക്കും സംവാദത്തിനും ലഭിക്കുന്ന അവസരമാണിതെന്നും അദ്ദേഹം ആലപ്പുഴയിൽ പറഞ്ഞു. ശബരിമല സ്ത്രീപ്രവേശന കേസുകൾ മുഴുവൻ പിൻവലിക്കണമെന്നാണ് SNDP നിലപാടെന്നും, എന്നാൽ അതിന്റെ പേരിൽ അയ്യപ്പസംഗമത്തെ എതിർക്കുന്നത് ശരിയല്ലെന്നും വെള്ളാപ്പള്ളി  അഭിപ്രായപ്പെട്ടു.

✪✪✪

കൊല്ലങ്കോട് ബെവ്കോയിൽ  നിന്ന് മദ്യം മോഷ്ടിച്ച സംഭവത്തിൽ ഒരാളെ പൊലീസ് കസ്റ്റഡിയിൽ എടുത്തു. പ്രദേശവാസിയായ രവിയാണ് പോലീസ് പിടിയിലായത്. മറ്റു രണ്ടു പേർക്കായി തിരച്ചിൽ തുടരുകയാണ്. തിരുവോണദിവസം പുലർച്ചെ  മൂന്ന് ലക്ഷത്തോളം രൂപയുടെ മദ്യമാണ് മോഷണം പോയെത്.

✪✪✪

മലപ്പുറം എടക്കര ചുങ്കത്തറയിൽ ഒമ്പത് കാട്ടുപന്നികളെ വെടിവെച്ചു കൊന്നു.  പന്നിശല്യം രൂക്ഷമായ  കാട്ടിച്ചിറ, തലഞ്ഞി, മുട്ടിക്കടവ്, കരിങ്കോറമണ്ണ, എടമല എന്നിവിടങ്ങളിലാണ് കാട്ടുപന്നികളെ വെടിവച്ച് കൊന്നത്.

✪✪✪

കണ്ണൂർ മാടായിയിൽ പലസ്തീൻ അനുകൂല പ്രകടനം നടത്തിയവരെ രാജ്യദ്രോഹ കുറ്റം ചുമത്തി ഉടൻ അറസ്റ്റ് ചെയ്യണമെന്ന് BJP കണ്ണൂർ നോർത്ത് ജില്ലാ പ്രസിഡണ്ട് K.K വിനോദ് കുമാർ ആവശ്യപ്പെട്ടു.  ഈ ആവശ്യമുന്നയിച്ച് BJP വൈകിട്ട് മാടായിപ്പാറയിൽ പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിക്കും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs : രജിന കെ*
*DEO : ഷീബ*